## 15 -ാം കേരള നിയമസഭ

## 6 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1672** **31-08-2022 - ൽ മറുപടിയ്ക്ക്**

## കാർഷികോല്പന്നങ്ങളുടെ ഉല്പാദനം വർദ്ധിപ്പിക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഉപഭോഗത്തിന് ആവശ്യമായിട്ടുള്ള കാർഷികോല്പന്നങ്ങളുടെ ദൈനംദിന ആവശ്യകത എത്ര എന്നും അതിൽ എത്ര അളവ് സംസ്ഥാനത്ത് ഉല്പാദനം നടത്തുന്നു എന്നും എത്രയോളം മറ്റിതരസംസ്ഥാനങ്ങളെ ആശ്രയിക്കുന്നു എന്നും വ്യക്തമാക്കുമോ; | (എ) | ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചിന്റെ ശുപാർശ പ്രകാരം ഒരു വ്യക്തിക്ക് പ്രതിദിനം 400 ഗ്രാം പഴം പച്ചക്കറിയാണ് ഭക്ഷണത്തിൽ ഉൾപ്പെടുത്തേണ്ടത്. ഇത് പ്രകാരം സംസ്ഥാനത്തിന്റെ നിലവിലെ ജനസംഖ്യയ്ക്ക് ആനുപാതികമായി 14246 മെട്രിക് ടൺ പഴം പച്ചക്കറികൾ ആണ് ദിനം പ്രതി ആവശ്യമായി വരുന്നത്. ഇതിൽ സംസ്ഥാനത്തിന്റെ ആഭ്യന്തര ഉത്പാദനം 8826 മെട്രിക് ടൺ പഴം-പച്ചക്കറിയാണ്, ശേഷിക്കുന്ന 5420 മെട്രിക് ടണ്ണിനായി അന്യ സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവരുന്നു.<br><br>നാഷണൽ സാമ്പിൾ സർവ്വേ (2019-20) യുടെ അടിസ്ഥാനത്തിൽ കേരളത്തിന്റെ ഒരു വർഷത്തെ അരിയുടെ ആവശ്യകത 31.48000 ലക്ഷം മെട്രിക് ടൺ ആണ്. സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ് പ്രസിദ്ധീകരിച്ചിട്ടുള്ള കണക്കുകൾ പ്രകാരം സംസ്ഥാനത്തെ 2020-21 വർഷത്തെ, അരിയുടെ ഉത്പാദനം 6.33739ലക്ഷം മെട്രിക് ടൺ ആണ്,. ശേഷിക്കുന്ന 25.14261 ലക്ഷം മെട്രിക് ടണ്ണിനായി ഇതര സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവന്നു. |
| (ബി) | സംസ്ഥാനത്തെ ഉല്പാദനം കൂട്ടി ഇതര സംസ്ഥാനങ്ങളുടെ വിപണനമേഖലാ കടന്നുകയറ്റം തടയാനായി എന്തെല്ലാം നടപടികൾ ഈ സർക്കാർ സ്വീകരിച്ച് വരുന്നു എന്ന് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്ത് നെല്ല്, പച്ചക്കറി, ഫലവർഗങ്ങൾ മറ്റ് കാർഷിക വിളകൾ എന്നിവയുടെ ഉല്പാദനവും ഉല്പാദനക്ഷമതയും വർധിപ്പിക്കുന്നതിലൂടെ ഇതര സംസ്ഥാനങ്ങളുടെ വിപണനമേഖലാ കടന്നുകയറ്റം തടയാനായി കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. കാർഷികവിളകളുടെ ഉല്പാദനവും ഉല്പാദനക്ഷമതയും ലക്ഷ്യമിട്ട് 2022-23 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് ആകെ 264.12 കോടി രൂപയുടെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതികളിലൂടെ നെല്ല്, പച്ചക്കറി, നാളികേരം, സുഗന്ധവ്യഞ്ജനങ്ങൾ, ഫലവർഗ്ഗങ്ങൾ, |

| | | | |
|---|---|---|---|
| | | | പുഷ്പകൃഷി, ഔഷധസസ്യങ്ങൾ എന്നിവയുടെ കൃഷിക്ക് പ്രോത്സാഹനം നൽകി വരുന്നു. അതിനു പുറമേ 2022 -23 സാമ്പത്തിക വർഷം മുതൽ കർഷകരുടെ വരുമാനം, സുസ്ഥിരത, ഭക്ഷ്യസുരക്ഷ, പാരിസ്ഥിതിക സ്ഥിരത എന്നിവ മെച്ചപ്പെടുത്തുന്നതിന് ഇപ്പോൾ പിന്തുടരുന്ന വിള-കേന്ദ്രീകൃത സമീപനത്തിന്റെ അപര്യാപ്തത കണക്കിലെടുത്തുകൊണ്ട് ലഭ്യമായ വിഭവങ്ങൾ സുസ്ഥിരമായ രീതിയിൽ കാര്യക്ഷമമായും വിവേചനാപരവുമായി ഉപയോഗിക്കുന്നതിനും ഉറപ്പായ വരുമാനം കർഷകർക്ക് ലഭിക്കുന്നതിനുമായി വിള അടിസ്ഥാനമാക്കിയുള്ള വികസനത്തിൽ നിന്നും കൃഷിയിടാധിഷ്ഠിത (ഫാം പ്ലാൻ) വികസന സമീപനത്തിന് ഈ വർഷം തുടക്കമിടുന്നു. പ്രസ്തുത പദ്ധതികൾ സംസ്ഥാനത്തെ കാർഷികോല്പാദനം വർധിപ്പിക്കുന്നതിനും തദ്വാരാ മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള കാർഷികോത്പന്നങ്ങളുടെ കടന്നുവരവ് കുറയ്ക്കുന്നതിനും സഹായകരമാകുന്നു. |
| (സി) | ഈ സർക്കാരിന്റെ കാലയളവിൽ അതിനായി എത്ര തുക നീക്കിവച്ചിട്ടുണ്ട് എന്നും എത്ര തുക ചെലവാക്കി എന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ? | (സി) | ഈ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനത്ത് കാർഷികോല്പാദനം വർദ്ധിപ്പിക്കുന്നതിനായുള്ള പദ്ധതികളുടെ വർഷം തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | 2021-22 | | 2022-23 | |
|---|---|---|---|---|---|
| | | പുതുക്കിയ ബഡ്ജറ്റ് പ്രകാരം നീക്കിവച്ച തുക (ലക്ഷം രൂപയിൽ) | ചെലവഴിച്ച തുക (ലക്ഷം രൂപയിൽ) | നീക്കിവച്ച തുക (ലക്ഷം രൂപയിൽ) | ചെലവഴിച്ച തുക (ലക്ഷം രൂപയിൽ) (29-08-2022 വരെ) |
| 1 | കൃഷിയിടാസൂത്രണാധിഷ്ഠിത ഉൽപ്പാദന പരിപാടികൾ - ഉൽപ്പാദന പൂർവ്വ പിന്തുണ ഉൾപ്പെടെ | | | 1200 | |
| 2 | സംയോജിത കൃഷിസമ്പ്രദായ സമീപനത്തിലൂടെ വിളകളുടെ വികസനം | | | 250 | |
| 3 | നെല്ല വികസനം | 10884.5 | 10710.281 | 7600 | 138.42 |
| 4 | പച്ചക്കറി വികസനം | 7645.01 | 7540.70791 | 7720 | 171.57 |
| 5 | നാളികേര വികസനം | 6916.43 | 6532.41337 | 7390 | |
| 6 | സുഗന്ധ വ്യഞ്ജന വികസനം | 1010 | 1009.99913 | 360 | 27.89 |
| 7 | പഴവർഗ്ഗങ്ങൾ, പൂക്കൾ, ഔഷധസസ്യങ്ങൾ എന്നിവയുടെ വികസനം | 2505 | 2202.26142 | 1892 | |
| 8 | പ്രാദേശിക പ്രാധാന്യമുള്ള വിളകളുടെ വികസനം | 323 | 246.10221 | | |
| 9 | പയർ, കിഴങ്ങുവർഗ്ഗങ്ങളുടെ വികസനം | 243 | 242.705 | | |
| | **ആകെ** | **29526.94** | **28484.47004** | **26412** | **337.88** |